പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1667 | 02.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| സ്ത്രീ സമത്വ - ശാക്തീകരണം നയരൂപീകരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.എൻ.എ.ഖാദർ<br>" എൻ.ഷംസുദ്ദീൻ<br>" പി.ഉബൈദുള്ള<br>" പി.കെ.ബഷീർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്ത്രീ സമത്വ-ശാക്തീകരണ വിഷയത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രത്യേകതകൾ വിശദമാക്കുമോ; | (എ) സ്ത്രീ സമത്വ - ശാക്തീകരണ വിഷയങ്ങളിൽ നയരൂപീകരണം നടത്തിയിട്ടുണ്ട്. ആയതിന്റെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.<br>1. എല്ലാ അതിക്രമങ്ങളിൽ നിന്നും വിശിഷ്യാ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽ നിന്നും സംരക്ഷണവും മോചനവും ഉറപ്പാക്കുക.<br>2. സ്ത്രീകൾക്ക് ജീവനോപാധിക്കുള്ള അവകാശത്തിനായി അവരുടെ കഴിവുകളിന്മേലും വിജ്ഞാന ഉറവിടത്തിൻമേലും ഉടമസ്ഥാവകാശവും നിയന്ത്രണവും ബാധ്യതയും ഉറപ്പാക്കി നിർഭയമായി ജോലി ചെയ്യുന്നതിന് സാമൂഹ്യ സംരക്ഷണം ഉറപ്പാക്കുക.<br>3. സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളിൽ സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ വിഷയങ്ങളിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾക്കും തീരുമാനങ്ങൾക്കും കരുത്ത് നൽകുക. |
| (ബി) മൂന്നാം ലിംഗക്കാരുടെ അവശ്യങ്ങളും താല്പര്യങ്ങളും ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കയാണെന്നും, അവയ്ക്ക് പ്രാധാന്യം നൽകി നയത്തിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ബി) പ്രസ്തുത നയത്തിൽ മൂന്നാം ലിംഗക്കാരുടെ ആവശ്യങ്ങളും താല്പര്യങ്ങളും ആരാഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ